



# വ്ളാഡിമിറിന്റെ നാട്ടിൽ

***"എന്നാൽ ഞാൻ നിങ്ങളെ ഏല്പി
ക്കുമ്പോൾ എങ്ങിനെയോ എന്തോ
പറയേണ്ടു എന്നു
വിചാരപ്പെടേണ്ട. പറവാനുള്ളത് ആ
നാഴികയിൽതന്നെ നിങ്ങൾക്കു
ലഭിക്കും". മത്തായി 10:129***

റഷ്യൻ സഭ. എണ്ണത്തിൽ കൂടുത
ലുള്ള ഓർത്തഡോക്സ് സഭാ സമൂഹം.
125 ലക്ഷം അംഗങ്ങൾ റഷ്യയിലും 235
ലക്ഷം വിശ്വാസികൾ ലോകത്തിന്റെ
പല ഭാഗങ്ങളിലുമായി വസിക്കുന്നു.
വ്ളാഡിമർ ചക്രവർത്തി എ.ഡി. 980–ൽ
ഈ സഭ സ്ഥാപിച്ചു. വി. അന്ത്രയോ
സാണ് ഈ സഭയുടെ പിതാവെന്ന്
വിശ്വസിച്ചുപോരുന്നു. ഇപ്പോഴത്തെ
റഷ്യൻ പാത്രിയർക്കീസ് അലക്സി
എന്ന മെത്രാപ്പോലീത്താ ആണ്.

റഷ്യൻസഭയുടെ സംഗീതാത്മക
മായ ആരാധന ഹൃദയാവർജ്ജകമാണ്.
കമ്മ്യൂണിസ്റ്റ് ഭരണത്തിൽ സഭ പല
പീഡകളിലും കൂടി കടന്നുപോയി.
അതി മനോഹരങ്ങളായ പല പള്ളി

കളും മ്യൂസിയങ്ങളാക്കി. സഭാപ്രവർത്തനങ്ങൾ ഒളിവിൽ നടത്തേണ്ടതായിവന്നു. വിശ്വപ്രസിദ്ധരായ റഷ്യൻ സാഹിത്യകാരന്മാരിലെല്ലാം സഭയുടെ സ്വാധീനമുണ്ട്. ആയിരത്തിത്തൊള്ളായിരത്തി എഴുപത്തേഴിൽ റഷ്യൻ പാത്രിയർക്കീസ് പിമനും സംഘവും മലങ്കരസഭയിൽ സന്ദർശനം നടത്തി. ഈ സന്ദർശനത്തിന് വഴിയൊരുക്കിയത് ഗ്രിഗോറിയോസ് തിരുമേനി ആയിരുന്നു.

മാർ ഏലിയ കത്തീഡ്രലിൽവച്ച് റഷ്യൻ ഓർത്തഡോക്സ് സഭയുടെ വി. ബലി നടന്നു. സംബന്ധിച്ചവരുടെ മനസ്സിൽ ഒരിക്കലും മായാത്ത ആത്മീയ അനുഭൂതി ഇപ്പോഴും നിറഞ്ഞുനിൽക്കുന്നുണ്ട്. ആയിരത്തിതൊള്ളായിരത്തി എൺപത്തേഴിൽ റഷ്യൻ സഭ മില്ലേനിയം ആഘോഷിച്ചു. മലങ്കരസഭയെ പ്രതിനിധീകരിച്ച ഗ്രിഗോറിയോസ് തിരുമേനിയെ കൂടാതെ ഫിലിപ്പോസ് മാർ യൗസേബിയോസ്, മാത്യൂസ് മാർ എപ്പിപ്പാനിയോസ്, പൗലൂസ് മാർ മിലിത്തിയോസ് എന്നീ മെത്രാപ്പോലീത്താമാരും സംബന്ധിച്ചു. റഷ്യയിലേക്കുള്ള യാത്രാമദ്ധ്യേ തരുമേനിമാർ ഡൽഹി ഓർത്തഡോക്സ് സെന്ററിൽ രണ്ടു ദിവസം താമസ്സിച്ചു.

റഷ്യയിലേക്കുള്ള യാത്രാക്രമീകരണങ്ങളെല്ലാം കെ.എം. ജോർജ്ജച്ചൻ നിർവ്വഹിച്ചു. മഹത്തായ പാരമ്പര്യമുള്ള, ഹൃദയത്തെ ത്രസിപ്പിക്കുന്ന സാഹിത്യനിപുണന്മാർ അന്ത്യവിശ്രമം കൊള്ളുന്ന ആ രാജ്യത്തിലേക്കവർ പറന്നു.

മിലേനിയം ആഘോഷത്തിൽ സംബന്ധിച്ച മൂന്നു തിരുമേനിമാരും ഓർത്തഡോക്സ് സെന്ററിൽ തിരികെയെത്തി. മണിക്കൂറുകൾ ദൈർഘ്യമുള്ള അവരുടെ ആരാധനയെക്കുറിച്ചും ആഘോഷങ്ങളെക്കുറിച്ചും യൗസേബിയോസ് തിരുമേനി വാചാലനായി. ആഘോഷങ്ങളുടെ സമാപനത്തിൽ നടന്ന സമ്മേളനത്തിൽ ഗ്രിഗോറിയോസ് തിരുമേനിയുടെ പ്രസംഗമായിരുന്നു ശ്രദ്ധേയമെന്ന് യൗസേബിയോസ് തിരുമേനി പറഞ്ഞു.

ലോകരാഷ്ട്രങ്ങളിൽ മിക്കസ്ഥലത്തുനിന്നും വിശിഷ്ടാതിഥികൾ എത്തിയിട്ടുണ്ട്. അന്നത്തെ സോവിയറ്റ് യൂണിയന്റെ പ്രസിഡന്റായിരുന്ന മിഖായേൽ ഗോർബച്ചോവും സദസിലുണ്ട്. നിറഞ്ഞ സദസിൽ ഗ്രിഗോറിയോസ് തിരുമേനി പ്രഭാഷണമാരംഭിച്ചു.

"നിങ്ങളുടേത് മഹത്തായ ഒരു രാജ്യമാണ്. ആയിരംവർഷം പിന്നിട്ട ഈ സഭ രാജ്യത്തിന്റെ അതിമഹത്തായ സ്വത്താണ്. ഞാനിവിടെനിന്നു സംസാരിക്കുന്നത് ഒരു സഭയുടെയോ, രാജ്യത്തിന്റെയോ, പ്രസ്ഥാനങ്ങളുടെയോ, പ്രതിനിധിയായി അല്ല. എന്റെ വ്യക്തിപരമായ അഭിപ്രായമാണ് പറയുന്നത്. ലക്ഷക്കണക്കിന് വരുന്ന ഈ വിശ്വാസികളെ അവഗണിച്ച് അവരുടെ ശബ്ദം ശ്രവിക്കാതെ



ഇനിയും ഗവൺമെന്റിനുമുമ്പോട്ടു പോകുവാൻ കഴിയുകയില്ല".

ശ്വാസമടക്കിപ്പിടിച്ച്, ഞെട്ടലോടുകൂടിയാണ് സദസ്സ് ആ ശബ്ദം ശ്രവിച്ചത്. ഒരു കമ്മ്യൂണിസ്റ്റു രാജ്യത്തിൽവച്ച് ആരും ധൈര്യമായി പറയുവാൻ മടിക്കുന്ന കാര്യം തന്റേടമായി തന്നെ ഗ്രിഗോറിയോസ് തിരുമേനി പറഞ്ഞു. ഒരുപരിധിവരെ ഗോർബച്ചോവിന് ഗ്ലാസ്നോസ്റ്റിന്റേയും പെരിസ്റ്റോയിക്കായുടെയും വേഗത കൂട്ടുവാൻ പ്രേരിപ്പിച്ചത് തിരുമേനിയുടെ വാക്കുകളായിരുന്നു എന്ന് പല നിരീക്ഷകരും പറയുകയുണ്ടായി.

•

കരുത്തുറ്റവയാണി ബന്ധനങ്ങൾ.
അവ ഭേദിക്കുവാൻ ശ്രമിക്കുമ്പോൾ
എന്റെ ഹൃദയം നോവുന്നു. സ്വാത
ന്ത്ര്യമാണ് എനിക്കാകെ വേണ്ടത്.
എന്നാൽ അതാഗ്രഹിക്കാൻ
പോലും എനിക്ക് സങ്കോചമാണ്.

ടാഗൂർ

•